"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - യുണിക്ക് ഐഡന്റിഫിക്കേഷൻ ഓഫ് ഇൻഡ്യയുടെ **myAadhaar** പോർട്ടൽ വഴി സമർപ്പിക്കുന്ന മരണ രജിസ്ട്രേഷൻ രേഖകളുടെ സാധൂകരണം പ്രാപ്തമാക്കുന്നതിന് - സംസ്ഥാനത്തെ മരണ രജിസ്ട്രേഷൻ ഡാറ്റാബേസിൽ നിന്നും വിവരങ്ങൾ പങ്കിടുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർഡി) വകുപ്പ്**

സ.ഉ.(സാധാ) നം.**926/2026/LSGD** തീയതി,തിരുവനന്തപുരം, **27-04-2026**

---

പരാമർശം:- 1. **18.06.2025** തീയതിയിലെ സ.ഉ.(സാധാ) നം.**1494/2025/LSGD.**

2. **23.02.2026, 24.03.2026** എന്നീ തീയതികളിലെ മുഖ്യജനനമരണ രജിസ്ട്രാറുടെ **LSGD/PD/8047/2025-CR4** നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

യുണിക്ക് ഐഡന്റിഫിക്കേഷൻ ഓഫ് ഇൻഡ്യ (**UIDAI**) -യുടെ **myAadhaar** പോർട്ടൽ വഴി സമർപ്പിക്കുന്ന മരണ രജിസ്ട്രേഷൻ രേഖകളുടെ സാധൂകരണം പ്രാപ്തമാക്കുന്നതിന് മരണ രേഖ ഡാറ്റാബേസിൽ (കെസ്മാർട്ട് ആപ്ലിക്കേഷൻ) നിന്നുള്ള **API endpoints** ആവശ്യമാണെന്നും അതിനായി **Name, Gender, Date of death, Death Registration Number (Current as well as previous, if changed since 2011), Date of certificate issue** എന്നീ ഫീൽഡുകളെക്കുറിച്ചുള്ള വിവരങ്ങൾ പങ്കിടുന്നതിന് **UIDAI** ആവശ്യപ്പെട്ടിട്ടുണ്ടെന്നും, സംസ്ഥാനത്തെ മരണ രജിസ്ട്രേഷൻ ഡാറ്റയിലെ വിവരങ്ങൾ **UIDAI** -യ്ക്ക് കൈമാറുന്നതുമായി ബന്ധപ്പെട്ട് പരാമർശ ഉത്തരവുപ്രകാരം അനുമതി നൽകിയതിൽ, **UIDAI** ആവശ്യപ്പെട്ട **Death Registration Number (Current as well as previous, if changed since 2011), Date of Certificate issue** എന്നീ വിവരങ്ങൾ ഉൾപ്പെട്ടിട്ടില്ലായെന്നും അതിനാൽ പ്രസ്തുത വിവരങ്ങൾ കൂടി **UIDAI** -യ്ക്ക് ലഭ്യമാക്കുന്നതിന് ഇൻഫർമേഷൻ കേരള മിഷന് (**IKM**) നിർദ്ദേശം നൽകുന്നതിനുള്ള അനുമതി നൽകണമെന്നും മുഖ്യജനനമരണ രജിസ്ട്രാർ പരാമർശ കത്ത് മുഖേന അഭ്യർത്ഥിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. യുണിക്ക് ഐഡന്റിഫിക്കേഷൻ ഓഫ് ഇൻഡ്യ (**UIDAI**) യുടെ **myAadhaar** പോർട്ടലിൽ മരണപ്പെട്ടവരുടെ ആധാർ നമ്പർ പ്രവർത്തനരഹിതമാക്കുന്നതിനുള്ള പുതിയ സേവനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടൽ വഴി സമർപ്പിക്കുന്ന മരണ രജിസ്ട്രേഷൻ രേഖകളുടെ സാധൂകരണത്തിന് സംസ്ഥാനത്തിന്റെ മരണ രേഖ ഡാറ്റാബേസിൽ (കെസ്മാർട്ട് ആപ്ലിക്കേഷൻ) നിന്നുള്ള വിവരങ്ങൾ ആവശ്യമാണ്. അതിനാൽ മുഖ്യജനനമരണരജിസ്ട്രാറുടെ അഭ്യർത്ഥന പരിഗണിച്ച് ചുവടെ പറയുന്ന വിവരങ്ങൾ കൂടി **UIDAI** -യ്ക്ക് ലഭ്യമാക്കുന്നതിനായി ഇൻഫർമേഷൻ കേരള മിഷന് (**IKM**) നിർദ്ദേശം നൽകുന്നതിന് മുഖ്യജനനമരണരജിസ്ട്രാർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. **Death Registration Number (Current as well as previous, if changed since 2011)**
2. **Date of Certificate Issue**

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
മുഖ്യജനനമരണരജിസ്ട്രാർ, തിരുവനന്തപുരം.
ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ &ഇ ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി ( **LSGD- RD3/44/2026-LSGD).**

ഉത്തരവിൻ പ്രകാരം

Signed by
Krishnakumar S
സെക്ഷൻ ഓഫീസർ
Date: 29-04-2026 11:02:39